**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 936** **31-01-2024 - ൽ മറുപടിയ്ക്ക്**

**വനഭൂമി വനേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. പി. ഉബൈദുള്ള | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനഭൂമി വനേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമുണ്ടോ; വ്യക്തമാക്കാമോ; | (എ) | 1980 ലെ വന സംരക്ഷണ നിയമ പ്രകാരം, വനഭൂമി വനേതരാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി നേടേണ്ടതുണ്ട്. ആയതിന് കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടലായ പരിവേഷ് മുഖേന, യൂസർ ഏജൻസി അപേക്ഷ സമർപ്പിക്കേണ്ടതാണ്. |
| (ബി) | കേന്ദ്ര സർക്കാരിന്റെ വനസംരക്ഷണ ഭേദഗതി നിയമപ്രകാരം വനഭൂമിയിൽ വിനോദസഞ്ചാര വികസനം ഒരുക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | വനം വർക്കിംഗ് പ്ലാനിലോ, വന്യജീവി മാനേജ്മെന്റ് പ്ലാനിലോ, ടൈഗർ കൺസർവേഷൻ പ്ലാനിലോ, വർക്കിംഗ് സ്കീമിലോ ഉൾപ്പെടുത്തിയിട്ടുള്ള എക്കോ-ടൂറിസം പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ വനസംരക്ഷണ ഭേദഗതി നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത ഭേദഗതി വനസംരക്ഷണത്തെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ; ഈ നിയമഭേദഗതി എപ്രകാരം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | പ്രസ്തുത ഭേദഗതി വനസംരക്ഷണത്തെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നില്ല. വർക്കിംഗ് പ്ലാനിലോ, വന്യജീവി മാനേജ്മെന്റ് പ്ലാനിലോ, ടൈഗർ കൺസർവേഷൻ പ്ലാനിലോ, വർക്കിംഗ് സ്കീമിലോ, ഉൾപ്പെടുത്തിയിട്ടുള്ള എക്കോ -ടൂറിസം പദ്ധതികൾ, വനസംരക്ഷണത്തെ ബാധിക്കാതെ വനം വകുപ്പിന്റെ കീഴിൽ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ